## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1624** **08.06.2018- ൽ മറുപടിയ്ക്ക്**

### പഴം -പച്ചക്കറികളിലെ അമിത കീടനാശിനി പ്രയോഗം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.റ്റി.വി രാജേഷ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പഴവർഗ്ഗങ്ങളിലും പച്ചക്കറികളിലും കീടനാശിനി കളുടെ സാന്നിദ്ധ്യം ക്രമാതീതമായ തോതിൽ കണ്ടെത്തിയത് സംബന്ധിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇത് നിയന്ത്രി ക്കുന്നതിനും പരിശോധിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പഴവർഗ്ഗങ്ങളിലും പച്ചക്കറികളിലും കീടനാശിനികളുടെ സാന്നിദ്ധ്യം ക്രമാതീതമായ തോതിൽ കണ്ടെത്തിയത് സംബന്ധിച്ച റിപ്പോർ ട്ടുകളുടെ അടിസ്ഥാനത്തിൽ ഇത് നിയന്ത്രിക്കുന്നതിനും പരിശോധി ക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന കൃഷി വകുപ്പ് സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ടി ലാബിൽ നടത്തുകയും പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാ ശാലയുടെയും, കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീ കരിക്കുകയും ചെയ്യുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ വഴി ഇത്തരം അന്യ സംസ്ഥാന വിഷലിപ്ത പച്ചക്കറികളുടെ ഉപയോഗത്തിന് ഒരു പരിധി വരെ |

നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇത് കൂടാതെ കുമരകം നെല്ല് ഗവേഷണ കേന്ദ്രം, വെള്ളാണിക്കര കാർഷിക കോളേജ് (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസറഗോഡ്) എന്നീ സ്ഥാപനങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധനാ ലാബ് പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ ജൈവ ഉല്പന്നങ്ങൾ പ്രത്യേക ബ്രാൻഡിൽ കേരള ഓർഗാനിക് ലേബലിൽ ഇക്കോഷോപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ വഴിയും ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം എന്ന ഘടകം വഴിയും ഉയർന്ന വില കർഷകർക്ക് നൽകി സംഭരണവും വില്പനയും നടത്തി ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നു. ഇതര സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന പഴവർഗ്ഗങ്ങളിലേയും പച്ചക്കറികളിലേയും കീടനാശിനികളുടെ സാന്നിദ്ധ്യം നിയന്ത്രിക്കുന്നതിനും കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനും കൃഷി വകുപ്പ്, ഫുഡ് സേഫ്റ്റി കമ്മീഷണറും, കാർഷിക സർവ്വകലാശാലയും ചേർന്നു തമിഴ്നാട് സംസ്ഥാനത്തെ കൃഷിസ്ഥലങ്ങൾ സന്ദർശിച്ച് തമിഴ്നാട് കാർഷിക സർവ്വകലാശാല, കൃഷിവകുപ്പ് എന്നിവരുടെ യോഗം ചേർന്നു അമിതമായ കീടനാശിനി പ്രയോഗം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

Sreelatha

**സെക്ഷൻ ഓഫീസർ**